**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 255** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഉക്രൈനിൽ നിന്നും പൂർത്തിയാക്കാൻ കഴിയാത്ത മെഡിക്കൽ വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഉക്രൈനിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാതെ സംസ്ഥാനത്ത് തിരിച്ചെത്തിയ വിദ്യാർത്ഥികളുടെ തുടർ പഠനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | **ഉക്രൈനിൽ നിന്നും യുദ്ധവും അനുബന്ധ സാഹചര്യങ്ങളും കാരണം മടങ്ങിയെത്തിയ വിദ്യാർത്ഥികളുടെ തുടർ പഠനം സംബന്ധിച്ച വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെയും നാഷണൽ മെഡിക്കൽ കമ്മീഷന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.** |
| (ബി) | ഉക്രൈൻ മെഡിക്കൽ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ തിരികെ ലഭിക്കുന്നതിനായി നാഷണൽ മെഡിക്കൽ കമ്മീഷനുമായോ ഇൻഡ്യൻ എംബസിയുമായോ ബന്ധപ്പെടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | **ഉക്രൈനിൽ നിന്നും യുദ്ധവും അനുബന്ധ സാഹചര്യങ്ങളും കാരണം മടങ്ങിയെത്തിയ വിദ്യാർത്ഥികളുടെ നഷ്ടപ്പെട്ട വിദ്യാഭ്യാസ രേഖകൾ ലഭ്യമാക്കുക, ബാങ്ക് വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവയ്ക്ക് പരിഹാരം കാണുന്നതിനായി സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. ഇതിനായി കേന്ദ്ര വിദേശകാര്യ മന്ത്രാലയം, കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം, ഇന്ത്യൻ ബാങ്ക്സ് അസോസ്സിയേഷൻ , ദേശീയ മെഡിക്കൽ കമ്മീഷൻ എന്നിവിടങ്ങളിൽ അടിയന്തര നടപടി സ്വീകരിക്കുന്നതിനായി സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്.** |
| (സി) | ഉക്രൈൻ മെഡിക്കൽ വിദ്യാർത്ഥികളുടെ തുടർ പഠനത്തിന് ആവശ്യമായ നിയമഭേദഗതികൾ നടപ്പാക്കുന്നതിന് നാഷണൽ മെഡിക്കൽ കമ്മീഷന് കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾ നൽകിയതായി സംസ്ഥാനത്തിന് അറിവ് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | **ഈ വിഷയത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശങ്ങളൊന്നും സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല.** |
| (ഡി) | ഉക്രൈൻ മെഡിക്കൽ വിദ്യാർത്ഥികളുടെ തുടർ പഠനം ഏത് സംസ്ഥാനത്തും സാധ്യമാകത്തക്ക തരത്തിലുള്ള നടപടികൾ സ്വീകരിക്കുവാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | **ഈ വിഷയത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശങ്ങളൊന്നും സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല.** |

സെക്ഷൻ ഓഫീസർ